DCWYD/2801/2021/DM3(1)

കളക്ടറേറ്റ്, വയനാട്.
തീയതി - 14.05.2021

**കാലവർഷ മുന്നൊരുക്കത്തിന്റെ ഭാഗമായി 14.05.2021 ന് ഓൺലൈൻ ആയി ചേർന്ന യോഗത്തിന്റെ മിനുട്സ്**

ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ യോഗം രാവിലെ 11.00 മണിയ്ക്ക് ആരംഭിച്ചു.

**യോഗതീരുമാനങ്ങൾ**

- 15.05.2021 ന് ജില്ലയിൽ റെഡ് അലർട്ട് പ്രഖ്യാപിച്ചിട്ടുള്ളതിനാൽ ആവശ്യമായ മുൻകരുതൽ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി.
- കോവിഡ് ചികിത്സാകേന്ദ്രങ്ങളായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലും, ആശുപത്രികളിലും മുഴുവൻ സമയവും പവർ സപ്ലൈ ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. ഇതിന് വേണ്ടി മാത്രമായി പ്രത്യേകം ആക്ഷൻ പ്ലാൻ തയ്യാറാക്കേണ്ടതും, ഒരു സീനിയർ എഞ്ചിനീയറെ നോഡൽ ഓഫീസറായി ചുമതലപ്പെടുത്തേണ്ടതുമാണ് (നടപടി : ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, KSEB)
- കാലവർഷത്തിന്റെ മുന്നൊരുക്കമായി സിവിൽ ഡിഫൻസ് വളണ്ടിയർമാരെ സജ്ജമാക്കേണ്ടതാണ് (നടപടി : അസി.ഡിവിഷണൽ ഓഫീസർ, ഫയർ & റസ്ക്യൂ, കൽപ്പറ്റ)
- വെള്ളപൊക്ക ഭീഷണി നേരിടുന്ന പ്രദേശങ്ങളിൽ പുഴയുടെ സമീപ പ്രദേശങ്ങളിൽ താമസിക്കുന്നവർക്കും, മണ്ണിടിച്ചിൽ ഭീഷണി നേരിടുന്ന കുടുംബങ്ങൾക്കും മുന്നറിയിപ്പ് നൽകുന്നതിനും, ആവശ്യമെങ്കിൽ മാറ്റിപാർപ്പിക്കുന്നതിനുമുള്ള സജ്ജീകരണങ്ങൾ മുൻകൂറായി ഏർപ്പെടുത്തേണ്ടതാണ് (നടപടി : പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ/തഹസിൽദാർമാർ)
- IDRN വെബ്സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിനായുള്ള വിവരങ്ങൾ ഇനിയും ലഭ്യമാക്കാത്ത ഉദ്യോഗസ്ഥർ ആയത് അടിയന്തിരമായി ലഭ്യമാക്കേണ്ടതാണ് (നടപടി : ജില്ലാതല നോഡൽ ഓഫീസർമാർ)
- ഡ്രയിനേജുകളിലും, പുഴകളിലും, തോടുകളിലും, ചെക്ക് ഡാമുകളിലും അടിഞ്ഞ് കൂടിയ ചെളിയും, അവശിഷ്ടങ്ങളും അടിയന്തിര പ്രധാന്യത്തോടെ നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം വിളിച്ച് ചേർക്കേണ്ടതാണ് (നടപടി : പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ/മൈനർ ഇറിഗേഷൻ, സുൽത്താൻ ബത്തേരി)
- വനത്തിനുള്ളിൽ താമസിക്കുന്ന പട്ടികവർഗ്ഗ വിഭാഗക്കാർക്ക് പ്രത്യേക പരിഗണന നൽകേണ്ടതാണ് (നടപടി : ഡിഎഫ്ഒ/വൈൽഡ് ലൈഫ് വാർഡൻ/ട്രൈബൽ ഡവലപ്പ്മെന്റ് ഓഫീസർമാർ)
- ദുരിതാശ്വാസ ക്യാമ്പുകളായി ഉപയോഗിച്ച് കൊണ്ടിരുന്ന പല സ്ഥാപനങ്ങളും കോവിഡ് ആവശ്യത്തിലേയ്ക്കായി ഏറ്റെടുത്തിട്ടുള്ളതിനാൽ ക്യാമ്പുകളുടെ അപ് ഡേറ്റ് ചെയ്തിട്ടുള്ള വിവരങ്ങൾ തയ്യാറാക്കേണ്ടതാണ് (നടപടി : തഹസിൽദാർമാർ)
- നല്ലൂർനാട് എം.ആർ.എസ്. ൽ. കോവിഡ് ചികിത്സാ കേന്ദ്രം ആരംഭിക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കേണ്ടതാണ് (നടപടി : ജില്ലാ മെഡിക്കൽ ഓഫീസർ/തഹസിൽദാർ, മാനന്തവാടി/പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ)

യോഗം 12.00 മണിയ്ക്ക് അവസാനിച്ചു.

(ഒപ്പ്)
ചെയർമാൻ, ജില്ലാ ദുരന്തനിവാരണ
അതോറിറ്റി & ജില്ലാ കളക്ടർ, വയനാട്.

ഉത്തരവിൻ പ്രകാരം,
അംഗീകാരത്തോടെ
ജൂനിയർ സൂപ്രണ്ട്.

*പകർപ്പ് - യോഗത്തിൽ പങ്കെടുത്തവർക്ക് -*